**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **01-02-2024 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്ന് അറിയിക്കുമോ ; ഇവയിൽ എത്ര അപേക്ഷകളിൽ സ്കൂൾ മാറ്റ ഉത്തരവ് നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് ഓൺലൈനായി 2 പ്രാവശ്യം സ്കൂൾ ട്രാൻസ്ഫറിന് അവസരം നൽകിയിരുന്നു. ഒന്നാമത്തെ സ്കൂൾ ട്രാൻസ്ഫറിൽ ഇടുക്കി ജില്ലയിൽ നിന്നും ലഭിച്ച 1049 അപേക്ഷകളിൽ 481 പേർക്കും, രണ്ടാമത്തെ സ്കൂൾ ട്രാൻസ്ഫറിൽ ഇടുക്കി ജില്ലയിൽ നിന്നും ലഭിച്ച 452 അപേക്ഷകളിൽ 279 പേർക്കും ട്രാൻസ്ഫർ ലഭിക്കുകയുണ്ടായി.<br><br>സർക്കാരിൽ ലഭിച്ച സ്കൂൾ മാറ്റം സംബന്ധിച്ച അപേക്ഷകളിൽ മാനുഷിക പരിഗണന അർഹിക്കുന്നവർക്കെല്ലാം സ്കൂൾ മാറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്ലസ് വൺ സ്കൂൾ മാറ്റം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടും ഉത്തരവ് ലഭിക്കുന്നതിന് കാലതാമസം നേരിടാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻകൂട്ടി പ്രസിദ്ധീകരിച്ച ഷെഡ്യൂൾ പ്രകാരം ഏകജാലക സംവിധാനം വഴി ഓൺലൈനായി അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായിട്ടാണ് സ്കൂൾ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കിയത്. |

സെക്ഷൻ ഓഫീസർ